No. TA1/2378/2018/CEE

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനം-2017

## ബി.പി.എൽ വിഭാഗം വിദ്യാർത്ഥികളിൽ നിന്ന് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു

06.06.2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 107/2018/ആ.കു.വ നം. സർക്കാർ ഉത്തരവ് പ്രകാരം 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസ് ഇളവ് നടപ്പാക്കുന്നതാണ്. ഇതിലേയ്ക്കായി എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വാർഷിക ഫീസിൽ നിന്നും 5 ലക്ഷം രൂപ വീതം സമാഹരിച്ചും മറ്റു പലവിധത്തിൽ തുക സമാഹരിച്ചും ഒരു സഞ്ചിത നിധി രൂപീകരിക്കുന്നതാണ്. ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാകുന്ന ഫീസിളവ് പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ചില പ്രത്യേക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തയ്യാറാക്കി നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിലായിരിക്കും. ഇത്തരത്തിൽ ഫീസിളവിന് അർഹരാകുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള വാർഷിക ട്യൂഷൻ ഫീസിന്റെ 10% തുക സ്വയം കണ്ടെത്തേണ്ടതും ബാക്കി ഫീസിന് തുല്യമായ തുക സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമാകുന്നതുമാണ്.

19.07.2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 138/2018/ആ.കു.വ നം. സർക്കാർ ഉത്തരവ് പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനായി സ്വരൂപിക്കുന്ന സഞ്ചിത നിധിയുടെ ഭരണപരമായ ചുമതലയും നടത്തിപ്പും പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന *[പൂർണമായ ഫീസിളവിന് അർഹരായ എസ്.സി./എസ്.റ്റി./ഒ.ഇ.സി./രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ/ G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ എന്നിവരും എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളും ഒഴികെ]* വിദ്യാർത്ഥികളിൽ നിന്ന് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമയുടെ പ്രിന്റൗട്ട് അപേക്ഷകൻ എടുത്ത് പൂരിപ്പിച്ച് അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് **2018 സെപ്റ്റംബർ 7-ാം തീയതി വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ സമർപ്പിച്ച നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പൽ പരിശോധിച്ച് ശുപാർശ ചെയ്ത് **2018 സെപ്റ്റംബർ 14-ാം തീയതി വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് എത്തിയ്ക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കും അർഹതാ നിർണയത്തിനുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുക്കുന്നതാണ്. പരിശോധനയ്ക്കു ശേഷം ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഫീസിളവിന് അർഹരായ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പ്രത്യേക ശ്രദ്ധയ്ക്ക്:

1) കോളേജ് പ്രിൻസിപ്പൽ പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഫീസിളവിനായി പരിഗണിക്കുകയുള്ളൂ. വിദ്യാർത്ഥികൾ നേരിട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2) നിശ്ചിത പ്രൊഫോർമയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
3) എസ്.സി./എസ്.റ്റി./ഒ.ഇ.സി./രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ/ G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ/എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എന്നിവർക്ക് ഈ ഫീസിളവ് ബാധകമല്ല.

ഫീസിളവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
21.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**